I.ഇ.ബി.XIകേരള നിയമസഭ/IV11

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 1, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

1. കേന്ദ്ര തീരദേശ സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ തീരുമാനം.

ശ്രീ. ടി.കെ. ബാലൻ: കേന്ദ്ര തീരദേശ സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള കരട് വിജ്ഞാപനം 2002 ജനുവരി 11–ന് കേന്ദ്ര ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തി. ഭൂമിശാസ്ത്രപരമായി പരിശോധിക്കുമ്പോൾ CRZ എന്ന ഈ നിയമ ഭേദഗതി കേരളത്തെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. ഇൻഡ്യയുടെ വിസ്തീർണത്തിന്റെ 1.8% മാത്രമുള്ള കേരളത്തിൽ 560 കി.മീ. കടൽത്തീരമുണ്ട്. തീരദേശത്ത് ചതുരശ്രകിലോമീറ്ററിന് ശരാശരി 2176 ആളുകളും ചില പഞ്ചായത്തുകളിൽ

പതിനായിരത്തിലധികം പേരും നിവസിക്കുന്നുണ്ട്. 221 തീരദേശ പഞ്ചായത്തുകളുണ്ട്. തീരദേശ നിയന്ത്രണ നിയമത്തിലെ കരട് നിർദ്ദേശങ്ങൾ

അനുസരിച്ച് കടൽത്തീരത്തുനിന്ന് 500 മീറ്ററും വേലിയേറ്റബാധിതമായ കായൽ-നദീതീരപ്രദേശങ്ങളിൽനിന്ന് 100 മീറ്ററും വിട്ടുമാറി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നാണ്. ഇതുമൂലം തീരപ്രദേശത്തു താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഒരു കക്കൂസുപോലും നിർമ്മിക്കാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിന് അനുകൂലമായ വിധത്തിൽ കരട് വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. എ.കെ ആന്റണി</u>) കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമുള്ള വിഷയമാണിത്. കടലിന്റെയും കായലിന്റെയും നദികളുകളുടെയും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സാമൂഹിക-ആരോഗ്യ-ജീവിത പരിതസ്ഥിതി ഉറപ്പാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 1991-ലെ തീരദേശ നിയന്ത്രണ നിയമം പ്രാബല്യത്തിൽ വന്നത്. തീരപ്രദേശങ്ങളിലെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ തടയുക, തീരക്കടൽ, കായലുകൾ, തടാകങ്ങൾ എന്നിവയുടെ സന്തുലിതാവസ്ഥക്ക് ഹാനികരമായ പ്രവർത്തനങ്ങൾ തടയുക എന്നീ ലക്ഷ്യങ്ങളോടെയാണ് കരട് ഭേദഗതി നിയമം വിജ്ഞാപനം ചെയ്തിട്ടുള്ളത്. കടൽത്തീരത്തുനിന്ന് 500 മീറ്ററും വേലിയേറ്റബാധിതമായ കായൽ-നദീതീര പ്രദേശങ്ങളിൽനിന്ന് 100 മീറ്ററും വിട്ടു മാറി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് പറഞ്ഞിരുന്നുവെങ്കിലും ഗവണ്മെന്റിന്റെ സമ്മർദ്ദ ഫലമായി കായൽ നദീതീര പ്രദേശങ്ങളിൽ നിന്നുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കി നിയമ ഭേദഗതി വരുത്താൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി പഠിച്ച് തയ്യാറാക്കിയ നിവേദനം കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പും ചില നിർദ്ദേശങ്ങൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഇതൊരു അഖിലേന്ത്യാ പ്രശ്നമായതിനാൽ മറ്റ് സംസ്ഥാനങ്ങളുടെയും എം.പി.മാരുടേയും സഹകരണത്തോടെ കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തികേരളത്തിന് അനുകൂലമായ വിധത്തിൽ തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

## 2. <u>പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയതുമൂലം ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്തുളവായിരിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ജോണി നെല്ലൂർ:</u> പ്രീഡിഗ്രി കോഴ്സുകൾ കോളേജുകളിൽനിന്നും ഡീലിങ്ക് ചെയ്തത് വേണ്ടത്ര മുൻകരുതലുകളോ പഠനങ്ങളോ നടത്താതെയാണ്. ഡീലിങ്ക് ചെയ്യപ്പെട്ട കോഴ്സുകളുടെ നടത്തിപ്പ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ ചുമതലയിലാണ്. അവിടെ ഇതിനാവശ്യമായ യാതൊരുവിധ സൗകര്യങ്ങളുമില്ല. ഇതുമൂലം കേരളത്തിലെ വിദ്യാർത്ഥികൾ ഒട്ടേറെ വിഷമതകൾ അനുഭവിച്ചു വരികയാണ്. ഈ അവസ്ഥയ്ക്ക്

പരിഹാരം കാണുന്ന തിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുറവ് അടിയന്തിരമായി പരിഹരിക്കണം. ഈ വർഷം ഹയർ സെക്കന്ററി പരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റ് എത്രയും പെട്ടെന്ന് വിതരണം ചെയ്യണം. മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ ഇവിടത്തെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും വിതരണം ചെയ്ത കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റുകൾ അംഗീകരിക്കുന്നില്ല. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് റീജിയണൽ ഓഫീസുകൾ ആരംഭിക്കുകയോ ജില്ലാതലങ്ങളിൽ ഡി. ഡി. ഒ.

ഓഫീസ്, ഡി. പി. ഐ ഓഫീസ് എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ട് സബ് ഓഫീസുകൾ ആരംഭിക്കുകയോ ചെയ്ത് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ഫിക്സേഷൻ പൂർത്തിയായ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം കൊടുക്കണം. ശമ്പളം ലഭിക്കാത്ത ഹയർ സെക്കന്ററി സ്ക്കൂളുകളിലെ അദ്ധ്യാപകർക്കും ലാബ് അസിസ്റ്റന്റ്മാർക്കും ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : ഹയർ സെക്കന്ററി ഡയറക്ടറേറ്റ് സംവിധാനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഏറെക്കുറെ ശരിയാണ്. മൊത്തം അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളുടെ പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് നിർവ്വഹിക്കാനുള്ളത്. ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ സ്ഥല പരിമിതിയും സ്റ്റാഫിന്റെ കുറവും ഉണ്ട്. കഴിഞ്ഞ ഹയർ സെക്കന്ററി പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്നതിന് അനാവശ്യ കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കാൻ കഴിഞ്ഞു. പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് തടഞ്ഞുവച്ച പരീക്ഷാഫലങ്ങൾ അന്വേഷണം നടത്തി ഉടൻ പ്രസിദ്ധീകരിക്കും. രേഖാമൂലം ആവശ്യപ്പെട്ട വിദ്യാർത്ഥികളുടെ കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഹയർ സെക്കന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ ജൂലൈ 10-ാം തീയതിയോടുകൂടി വിതരണം ചെയ്യാൻ കഴിയു മെന്നാണ് ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ എൽ. ഡി. എഫ് ഗവൺ മെന്റിന്റെ അശാസ്ത്രീയമായ നടപടികളുടെ പ്രതിഫലനമാണ് ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നിഴലിച്ചു കാണുന്നത്. ഈവക കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവ ത്തോടുകൂടി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അദ്ധ്യാപകർക്കും ലാബ് അസിസ്റ്റന്റ്മാർക്കും നിയമനാംഗീകാരം കൊടുത്ത് ശമ്പളം കൊടുക്കുന്ന കാര്യത്തിൽ ഉടൻ പരിഹാരം ഉണ്ടാക്കുന്നതാണ്. അടുത്ത വർഷത്തെ ഹയർ സെക്കന്ററി പരീക്ഷ വളരെ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഹയർ സെക്കന്ററി സംവിധാനം രണ്ട് മാസത്തിനകം ശക്തിപ്പെടുത്തുന്നതാണ്. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ ഓഫീസുകൾ ജില്ലാ തലങ്ങളിലേക്ക് വ്യാപിപ്പിക്കുക, കൂടുതൽ ജീവനക്കാരെ

നിയമിക്കുക, പുതിയ തസ്തികകൾ സൃഷ്ടിക്കുക, പി. എഫ്. സ്കീം ഏർപ്പെടുത്തുക തുടങ്ങിയവ സാമ്പത്തിക പരിമിതികൾകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ

തീരുമാനമെടുക്കാൻ കഴിയുകയുള്ളു. ഹയർ സെക്കന്ററി ഡയറക്ടറേറ്റിനെ പൊതുവിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കണമെന്നുള്ള ആവശ്യം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. ഈ നിലയിൽ ഹയർ സെക്കന്ററി സംവിധാനം കൂടുതൽ കുറ്റമറ്റ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## സബ്മിഷൻ

(1) കോവളം കനാൽ സ്വകാര്യ വ്യക്തികൾക്ക് കൈമാറൽ

ഡോ. എ. നീലലോഹിതദാസൻ നാടാർ: കയർത്തൊഴിലാളികൾ തൊണ്ട് അഴുക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന കോവളം കനാൽ ടൂറിസത്തിന്റെ മറവിൽ സ്വകാര്യ കമ്പനിയായ എ. എൻ. ഹോട്ടൽ എന്റർപ്രൈസസിന് പാട്ടത്തിനു നൽകുന്നതിനുള്ള നീക്കം ഉപേക്ഷിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കെ. വി. തോമസ്): ബോംബെ ആസ്ഥാനമായ എ. എൻ. ഹോട്ടൽ എന്റർപ്രൈസസ് ആണ് ഈ സ്ഥാപനം തുടങ്ങിയിട്ടുള്ളത്. ഒരു കാരണവശാലും ഈ ഹോട്ടൽ പ്രോജക്ട് നഷ്ടപ്പെടരുതെന്നാണ് അവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്നതെങ്കിലും ഇതിനെ പരസ്യമായി എതിർക്കുന്നവരുമുണ്ട്. അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തുറന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. ജില്ലാ കളക്ടർ അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കൂടി മുൻകൈയെടുത്ത് ഇതിന് ഒരു പരിഹാരം ഉണ്ടാക്കണം.

(2) കടപ്പുറം പഞ്ചായത്തിൽ കടലാക്രമണം മൂലമുണ്ടാകുന്ന ദുരിതം

ശ്രീ. പി. കെ. കെ. ബാവ : ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കടപ്പുറം പഞ്ചായത്തിലെ രൂക്ഷമായ കടലാക്രമണവും കടൽക്ഷോഭവും തടയുന്നതിന് കടൽഭിത്തി കെട്ടി അവിടത്തെ ജനങ്ങളേയും ആ പ്രദേശത്തേയും സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇപ്രാവശ്യം ചേറ്റുവായുടെ സമീപത്തുണ്ടായ കടലാക്രമണത്തിൽ വളരെയധികം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും താൽക്കാലികമായി ചില നടപടികൾ എടുത്തിട്ടുണ്ട്. കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഈ സാമ്പത്തിക വർഷം തന്നെ കുറച്ച് ജോലികൾ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചേറ്റുവാ പ്രദേശത്തെ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(3) കെൽട്രോൺ റെക്ടിഫയേഴ്സിലെ ലേ ഓഫ് പിൻവലിക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശൂർ ജില്ലയിലെ കെൽട്രോൺ റെക്ടിഫയേഴസ് എന്ന സ്ഥാപനത്തിലെ ലേ ഓഫ് പിൻവലിച്ച് ആ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാനും അവിടത്തെ തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 1992 മുതൽ ആ സ്ഥാപനത്തിന്റെ സ്ഥിതി വളരെ മോശമാണ്. അടുത്ത കാലത്ത് ഇലക്ട്രിസിറ്റി
കുടിശ്ശിക കണക്കിലധികമായപ്പോൾ കണക്ഷൻ വിച്ഛേദിച്ചു. ഈ കമ്പനിയുടെ കാര്യം പരിശോധിച്ച് റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

(4) സ്ക്കൂളുകളുടെ നിർമ്മാണത്തിനുള്ള ഫണ്ട്

ശ്രീ. ടി. പി. എം. സാഹിർ: അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറിയ കോഴിക്കോട് നിയോജക മണ്ഡലത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ച് പണി ചെയ്ത സ്ക്കൂൾ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കാനാവശ്യമായ നടപടിയുണ്ടാകണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ): 1994-ലെ പഞ്ചായത്തുരാജ് ആക്ട് പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തതാണ്. ലോക്കൽ ബോഡീസിന് അനുവദിച്ച തുകയിൽ നിന്നുതന്നെ അതിനുവേണ്ടി ചെലവഴിക്കണം. അതിന് പ്രത്യേക തുക അനുവദിക്കാൻ മാർഗ്ഗമില്ല. ഈ വക കാര്യങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ ഗവൺമെന്റിന് നയപരമായി ആലോചിക്കേണ്ടതുണ്ട്.

## ക്രമപ്രശ്നം

(1) ബഡ്ജറ്റ് സ്ക്രൂട്ടിനി ഫലപ്രദമാക്കൽ

ശ്രീ. കെ.പി. രാജേന്ദ്രൻ: ചട്ടം 232 അനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള സബ്ജക്ട് കമ്മിറ്റികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം ബഡ്ജറ്റ് സ്ക്രൂട്ടിനിയാണ്. ഇങ്ങനെ സബ്ജക്ട് കമ്മിറ്റികൾ ചർച്ച ചെയ്ത് ഏകകണ്ഠമായി സമർപ്പിക്കുന്ന ശുപാർശകൾ സഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. ബഡ്ജറ്റ് സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശമുണ്ടാകണം.

മി.സ്പീക്കർ: ഡൽഹിയിൽ നടന്ന സ്പീക്കർമാരുടെ കോൺഫറൻസിൽ ഇത് ചർച്ചാ വിഷയമായതാണ്. ബഡ്ജറ്റ് സ്ക്രൂട്ടിനി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ങ്ങളിലൊന്നും ഇത് ഫലപ്രഥമാകുന്നില്ലായെന്ന അഭിപ്രായം ഉയർന്നിരുന്നു. ബഡ്ജറ്റ് സ്ക്രൂട്ടിനി നടക്കുന്ന സംസ്ഥാനങ്ങളിൽ അസംബ്ളി സിറ്റിംഗ് ദിവസങ്ങളുടെ എണ്ണം കുറയ്ക്ക

ണമെന്നാണ് നിബന്ധന. എന്നാൽ ഇവിടെ പൊതുവേയുള്ള അഭിപ്രായം അസംബ്ളി സിറ്റിംഗ് ദിവസങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അടുത്ത സ്പീക്കേഴ്സ് മീറ്റിംഗിൽ ബഡ്ജറ്റ് സ്ക്രൂട്ടിനി സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

(2) <u>അരമണിക്കൂർ ചർച്ച അനുവദിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. എ.കെ. ബാലൻ</u>: ചട്ടം 49 പ്രകാരം 17.6.2002–ലെ 94–ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഒരു വിഷയത്തക്കുറിച്ച് അരമണിക്കൂർ ചർച്ചയ്ക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും അത് ഇതുവരെ അനുവദിച്ചിട്ടില്ല. ആഴ്ചയിൽ മൂന്നു ദിവസം പൊതുതാല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് അര മണിക്കൂർ ചർച്ച റൂൾ പ്രകാരം അനുവദിക്കേണ്ടതാണ്.

<u>മി.സ്പീക്കർ</u>: ഡിമാന്റ് ചർച്ച കഴിഞ്ഞാൽ അരമണിക്കൂർ, ഒരു മണിക്കൂർ ചർച്ചകൾ പരിഗണിക്കാം. അല്ലെങ്കിൽ ഡിമാൻറ് ചർച്ചയുടെ സമയം കുറയ്ക്കേണ്ടിവരും.

(3) <u>നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യണമെന്ന ആവശ്യം</u>

<u>ശ്രീ. ടി.കെ. ബാലൻ</u>: നിരവധി നിയമസഭാ കമ്മിറ്റികൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. ലക്ഷക്കണക്കിന് തുക ചെലവാക്കി നിരവധി ഉദ്യോഗസ്ഥൻമാരെ വിറ്റ്നസ്സാക്കി തെളിവെടുത്ത് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യാതിരിക്കുന്നത് ഓഫീസ് മാനുവലിന്റേയും പ്രൊസീഡുവറിന്റേയും ലംഘനമാണ്.

<u>മി. സ്പീക്കർ</u>: എഴുതിത്തന്നാൽ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ പരിഗണിച്ച് സമയം അനുവദിക്കാം.

(4) <u>കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം</u>

<u>ശ്രീ.എം.വി. ജയരാജൻ</u>: മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സഭയുടെ സ്വത്തായി മാറുകയാണ്. ചില കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസം വരുന്നു. ബന്ധപ്പെട്ട നിയമസഭാ കമ്മിറ്റിതന്നെ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർക്കാർ ഇതിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബന്ധപ്പെട്ട കമ്മിറ്റി റെക്കമെൻഡേഷൻ തന്നാൽ സമയബന്ധിതമായി ഇത് മേശപ്പുറത്തുവയ്ക്കുന്നതിന് നടപടി സ്വീകരിക്കാം.

## റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാലു മുതൽ പതിനഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ധനകാര്യം

2002-2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXIII വാർത്താ വിതരണവും പ്രചരണവും (7,67,36,000 രൂപ)

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന - XXIV തൊഴിലും തൊഴിലാളിക്ഷേമവും (82,83,91,000 രൂപ)

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): വാർത്താവിതരണവും പ്രചരണവും എന്ന XXIII -ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. രാധാകൃഷ്ണൻ, എം.വി.ജയരാജൻ, ടി.കെ. ബാലൻ, കെ.പി. മോഹനൻ, കെ.പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, എം. കുമാരൻ, പി. നാരായണൻ, വി.സി. കബീർ, പിരപ്പൻകോട് മുരളി, മത്തായി ചാക്കോ, കെ.കെ. ജയചന്ദ്രൻ, ടി.കെ. ദേവകുമാർ, വി.കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, എ.കെ. ബാലൻ, സാജുപോൾ, ഡോ. എ. നീലലോഹിത ദാസൻ നാടാർ, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വ്യവസായ നയത്തിൽ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വേതനം കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിനെ അട്ടിമറിക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു പ്രവൃത്തി ദിവസത്തിന് കൂലിയും മറ്റാനുകൂല്യങ്ങളും കൊടുക്കുകയെന്നുള്ളത് നേതാക്കൻമാർ രക്ത

സാക്ഷിത്വത്തിലൂടെ നേടിയെടുത്തതാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഭേദഗതിയും കോൺട്രാക്ട് ലേബർ ആന്റ് അബോളിഷൻ റെഗുലേഷൻ ആക്ടിലെ ഭേദഗതിയും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിനും കരാർ തൊഴിൽ എല്ലാപേർക്കും ബാധകമാക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ രണ്ട് നിയമ ഭേദഗതികൾ കേരളത്തിൽ നടപ്പിലാക്കുകമൂലം ഇവിടത്തെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച നിലവിലുള്ള സമ്പ്രദായം അട്ടിമറിക്കപ്പെടും. കൂടാതെ തൊഴിലാളികൾക്ക് നിയമപരമായി ഒരു നോട്ടീസ് പോലും കൊടുക്കാതെ വ്യവസായ സ്ഥാപനങ്ങൾ ഏകപക്ഷീയമായി മുതലാളിമാർ അടച്ചുപൂട്ടുന്ന സമ്പ്രദായമാണ് ഇന്നുള്ളത്. കൂടാതെ പരമ്പരാഗത വ്യവസായ മേഖലയിൽ കൊടുത്തുകൊണ്ടിരുന്ന ക്ഷാമബത്ത വെട്ടിക്കുറച്ച് മൂന്നു വർഷത്തേയ്ക്ക് മരവിപ്പിക്കാനുള്ള തീരുമാനവുമായി മുന്നോട്ടുവന്നിരിക്കുകയാണ്. ഇത് കേരളത്തിലെ മുഴുവൻ തൊഴിലാളികൾക്കും ബാധകമാക്കുകയെന്നുള്ളതാണ് ലക്ഷ്യം. തൊഴിൽ നയത്തിൽ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളെല്ലാം തട്ടിപ്പാണ്. ഐ. ടി. വ്യവസായത്തിലേയും ഇൻഡസ്ട്രിയൽ പാർക്കുകളിലേയും തൊഴിലാളികളെ അടിമകളെപ്പോലെ പണിയെടുപ്പിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ചുമട്ടു തൊഴിലാളികളെ സംബന്ധിച്ച ഒരു കരട് ബില്ലിന് രൂപം നല്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ബിൽ ഏതെങ്കിലും രാജ്യത്ത് ഏതെങ്കിലുമൊരു ഭരണാധികാരി തൊഴിലാളികൾക്ക് നിർവചനം നൽകി ിയമനിർമ്മാണസഭയിൽ കൊണ്ടു വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. തൊഴിലാളികളെ ശത്രുക്കളായിട്ടാണ് മന്ത്രിമാരും ഭരണകക്ഷിനേതാക്കൻമാരും കാണുന്നത്. ഇപ്പോൾ കുറഞ്ഞ വാങ്ങൽ വില സംപാദായം ഗവൺമെന്റ് നിർത്തലാക്കി. 600 കയർ സഹകരണ സംഘങ്ങൾ പൂട്ടിക്കിടക്കുന്നു. തൊഴിലാളിക്കുള്ള കൂലിയും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നതിന്റെ ഫലമായി രണ്ടര ലക്ഷം തൊഴിലാളികൾ ദുരിതമനുഭവിക്കുകയാണ്. മത്സ്യഫെഡ്ഡുവഴി വിതരണം ചെയ്തിരുന്ന മത്സ്യബന്ധനോപകരണങ്ങളും എൻ.സി.ഡി.സി. ധനസഹായ പദ്ധതിയും ഈ ഗവൺമെന്റ് നിർത്തലാക്കി. 38 കോടി രൂപയുടെ ക്ഷേമനിധി കുടിശ്ശികയുണ്ട്. ഒരു ശതമാനമായിരുന്ന ക്ഷേമനിധി വിഹിതം അരശതമാനമാക്കി കുറച്ചു. മത്സ്യബന്ധനമേഖലയിലെ 22 ലക്ഷം തൊഴിലാളികൾ ഇപ്പോഴും പിന്നോക്കമാണ്. മണൽ വാരലിലുണ്ടായ പ്രതിസന്ധി കാരണം നിർമ്മാണരംഗത്തുള്ള ജോലി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. കാർഷികമേഖലയിലെ സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി പുതിയ നിർമ്മാണപ്രവർത്തനങ്ങൾ വളരെയധികം കുറഞ്ഞു. ഈ മേഖലയിൽ പണിയെടുക്കുന്ന 15 ലക്ഷത്തോളം ആളുകളുടെ സ്ഥിതി വളരെ ദയനീയമാണ്. കൈത്തറി മേഖലയിൽ 540 സൊസൈറ്റികൾ പൂർണ്ണമായും അടഞ്ഞുകിടക്കുന്നതിന്റെ ഫലമായി തൊഴിലാളികൾ വളരെയധികം കഷ്ടത അനുഭവിക്കുന്നു. അവർ ഇന്ന് പട്ടിണി ജാഥ നടത്തുകയാണ്. ആശുപത്രികളിൽ ആവശ്യമായ ബാൻഡേജിനും മറ്റ് തുണിത്തരങ്ങൾക്കും ഗവൺമെന്റ് ഇപ്പോൾ ഓർഡർ കൊടുക്കാത്തതിന്റെ ഫലമായി കൈത്തറി മേഖലയിൽ പണിയെടുക്കുന്ന 25,000 തൊഴിലാളികളിൽ 10,000 പേർക്കും ഇന്ന് തൊഴിൽ ഇല്ലാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. തോട്ടം തൊഴിലാളി മേഖലയിലെ 50,000 തൊഴിലാളികൾക്ക് കഴിഞ്ഞ ഒരു

വർഷമായി ചെലവു കാശുപോലും ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവത്കരണ നയത്തിന്റെ ഫലമായി കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി കൃഷിക്കാർ ആത്മഹത്യാശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. 77,84,00,000 രൂപയുടെ 13 മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്. ഈ ഗവൺമെന്റ് കാർഷിക നയം വ്യക്തമാക്കണം. അസംഘടിത മേഖലകളിലേയും പരമ്പരാഗത മേഖലയിലേയും കാർഷിക മേഖലയിലേയും തൊഴിലാളികളോട് അങ്ങേയറ്റം നിഷേധാത്മകമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. തമ്പാനൂർ രവി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വാർത്താമാധ്യമങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു എന്ന തരത്തിലുള്ള പ്രതിപക്ഷ പ്രചാരണം വസ്തുതകൾക്ക് നിരക്കാത്തതാണ്. വാർത്താമാധ്യമങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെയും കോൺഗ്രസ് പാർട്ടിയുടേയും അഭിപ്രായം. എന്നാൽ ഈ സ്വാതന്ത്ര്യം ചില ദൃശ്യ-ശ്രവണമാധ്യമങ്ങളും പ്രിന്റഡ് മീഡിയകളും പല രീതിയിലും ദുരുപയോഗം ചെയ്യുന്നുണ്ട്. ഒരു ജനാധിപത്യ സംവിധാനത്തിൽ

ഏറെ പ്രസക്തിയുള്ള മാധ്യമ സ്വാതന്ത്ര്യം നിലനിർത്തുന്നതോടൊപ്പം അതിന്റ ദുരുപയോഗം നിയന്ത്രിക്കാനുതകുന്ന ഒരു ഇൻഫർമേഷൻ ബിൽ, കഴിയുമെങ്കിൽ ഈ സമ്മേളനത്തിൽ തന്നെ, കൊണ്ടുവരണം. ഗവൺമെന്റിന്റെ പ്രസിദ്ധീകരണ വിഭാഗം എന്നതിലുപരി പി.ആർ.ഡി.യുടെ പ്രവർത്തനം കൂടുതൽ ശക്തവും വിപുലവുമാക്കുന്നതിന് കൂടുതൽ തുക അനുവദിക്കണം. ഇൻഡ്യയിലാദ്യമായി ഒരു തൊഴിൽനയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. സംസ്ഥാനത്ത് വ്യാവസായിക പുരോഗതിയുണ്ടാകാത്തതിനും നിക്ഷേപകർ കേരളത്തിലേക്ക് വരാൻ മടിക്കുന്നതിനും പ്രധാന കാരണം ഇവിടത്തെ തൊഴിലാളികളാണെന്ന തെറ്റായ ധാരണ മാറ്റിയെടുക്കാനുതകുന്ന മാതൃകാപരമായ പ്രവർത്തനശൈലി ട്രേഡ് യൂണിയൻ രംഗത്തുണ്ടാകണം. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം വ്യവസായവളർച്ചയ്ക്കനുകൂലമായ സാഹചര്യങ്ങളുണ്ടാക്കിയെടുക്കുന്നതിനുള്ള ശ്രമം കൂടി ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്ത് നിന്നുണ്ടാകണം. സമാധാനപരമായ തൊഴിൽ അന്തരീക്ഷമുണ്ടാക്കിയെടുക്കുന്നതോടൊപ്പം തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടിയുണ്ടാകണം. തൊഴിൽ സംരംഭകർക്ക് കാലതാമസം കൂടാതെ സ്ഥലം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് അനാവശ്യ സമരങ്ങൾക്ക് രണ്ടു വർഷത്തേക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കണം. സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ വ്യവസായങ്ങൾ വരേണ്ടത് ആവശ്യമാണ്. രാഷ്ട്രീയ പാർട്ടികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് തൊഴിലാളി സംഘടനകളെ

ദുരുപയോഗപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കണം. ഐ. ടി മേഖലയ്ക്ക് മുൻതൂക്കം നൽകുന്നതോടൊപ്പം ടൂറിസം, കൃഷി, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കണം. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ തൊഴിൽ ദാന പദ്ധതി എത്രയും വേഗം നടപ്പാക്കണം. ധനകാര്യ സ്ഥാപനങ്ങളുടെ സമീപനത്തിൽ കാതലായ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ തുടരണം. ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം ശക്തിപ്പെടുത്തണം. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ആവശ്യമുള്ള മരുന്നും ലഭ്യമാക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും തൊഴിലന്വേഷകരുടെ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യുകയും വേണം. ഐ. ടി. ഐ.കളിൽ തൊഴിൽ സാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ അനുവദിക്കുകയും സിലബസ്സിൽ സമഗ്രമായ മാറ്റം വരുത്തുകയും ചെയ്യണം.

<u>ശ്രീ. എൻ. രാജൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഞ്ചുവർഷം കൊണ്ട് പതിനഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന വാഗ്ദാനവുമായാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതനുസരിച്ച് മൂന്നുലക്ഷം പേർക്ക് തൊഴിൽ കിട്ടേണ്ടതായിരുന്നെങ്കിലും കേവലം 11500 പേർക്ക് മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനങ്ങളെങ്കിലും ലഭിച്ചിട്ടുള്ളത്. നിയമന നിരോധനം ഏർപ്പെടുത്തിയിട്ടു ള്ളതിനാൽ പി. എസ്. സി. വഴി നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള 44 ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കണം. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിലും തോട്ടം മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കണം. വിവര സാങ്കേതികവിദ്യാ രംഗത്ത് പുരോഗതി ഉണ്ടാക്കാനുള്ള ഈ ഗവണ്മെന്റിന്റെ ശ്രമം കേരളത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ പര്യാപ്തമാകുന്നതാണോയെന്ന് പരിശോധിക്കണം. കാപ്പക്സിനെ സംരക്ഷിക്കുന്നതിന് മേയ് 3-ാം തീയതി ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് സ്വകാര്യ മുതലാളിമാരെ സഹായിക്കുന്ന തരത്തിലുള്ളതാണ്. ഈ ഉത്തരവ് അടിയന്തിരമായി പിൻവലിക്കണം. കശുവണ്ടി മേഖലയിലെ തൊഴിലാളികൾ ഇന്ന് അസംതൃപ്തരാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ പട്ടിണിയിൽനിന്ന് രക്ഷിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലുള്ള തുക പിൻവലിക്കുന്നതിനുള്ള അനുവാദം എത്രയും വേഗം നൽകണം. തൊഴിലാളികളുടെ വിവിധ ക്ഷേമ പദ്ധതികൾ മുടക്കം കൂടാതെ നടത്തണം.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ നയത്തിന്റെ കരട് പ്രഖ്യാപിക്കുകയും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കളടക്കമുള്ള ആളുകളുടെ അഭിപ്രായങ്ങൾ ആരായുന്നതിനുവേണ്ടി തീരുമാനിക്കുകയും ചെയ്ത ഗവൺമെന്റിന്റെ നടപടിയെ അഭിനന്ദിക്കുന്നു. തൊഴിൽ

സമരങ്ങൾക്ക് ചർച്ചകളിലൂടെ ഒത്തുതീർപ്പ് ഉണ്ടാക്കുന്നതിന് വകുപ്പുമന്ത്രി കാണിച്ചുകൊണ്ടിരിക്കുന്ന താൽപ്പര്യം ഏറെ പ്രശംസനീയമാണ്. മിനിമം വേജസ് കാലാകാലങ്ങളിൽ പുന:സംവിധാനം ചെയ്യുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കണം. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് 16 ഇനങ്ങൾകൂടി മിനിമം വേജസ് പട്ടികയിൽ ചേർത്തെങ്കിലും ഇതിന്റെ ആനുകൂല്യങ്ങളൊന്നുംതന്നെ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. വർദ്ധിച്ചുവരുന്ന അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കണക്കിലെടുത്ത് ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള 14 ക്ഷേമനിധികളും സമഗ്രമായി പുന:സംവിധാനം ചെയ്യണം. മാറിമാറിവരുന്ന ഗവൺമെന്റുകൾ പുതിയ പുതിയ ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുന്നതല്ലാതെ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയോ ഗവൺമെന്റും തൊഴിലുടമകളും തൊഴിലാളികളും അടയ്ക്കേണ്ട വിഹിതം കൃത്യമായി അടയ്ക്കുകയോ ചെയ്യുന്നില്ല. ക്ഷേമനിധി ബോർഡുകളിൽനിന്ന് അർഹതയുള്ളവർക്ക്മാത്രം ആനുകൂല്യം നല്കാനുള്ള നടപടി സ്വീകരിക്കണം. ലേബർ ഡിപ്പാർട്ടുമെന്റിന് ഒരു പുതിയ തൊഴിൽ സംസ്ക്കാരമുണ്ടാക്കണം. എൻഫോഴ്സ്മെന്റ് മെഷിനറി ശക്തിപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. അസംഘടിതമേഖലയിലെ തൊഴിലാളിക്കുവേണ്ടി
ക്ഷേമനിധിയും ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തണം. ലേബർ കോടതികളുടേയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണം. സ്റ്റേറ്റിനെ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ആക്കിയാൽ മാത്രമേ ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിലും പുതിയ വ്യവസായങ്ങളും തൊഴിൽ സങ്കേതങ്ങളും ഉണ്ടാവുകയുള്ളൂ. കേരളത്തിൽ മുതൽമുടക്കാൻ വ്യവസായികളെ പ്രേരിപ്പിക്കുന്ന വിധത്തിൽ ഇവിടത്തെ തൊഴിലാളികളുടെ സമീപനത്തിൽ കാതലായ മാറ്റമുണ്ടാകണം. തൊഴിൽ സമരങ്ങളുടെപേരിൽ ഉല്പാദന പ്രക്രിയയിലും സാമ്പത്തികസ്ഥിതിയിലും നിർണ്ണായക പങ്കു വഹിച്ച തൊഴിലാളികളുടെ സംഭാവന ചെറുതായി കാണാൻ പാടില്ല . തൊഴിലാളികൾക്ക് പ്രാധാന്യം കൊടുക്കുന്ന തൊഴിൽ സമീപനമുണ്ടാകണം . പ്രൊഡക്ടി വിറ്റി ലിങ്ക്ഡ് വേജസ് സ്ട്രക്ചർ ഉണ്ടാകണം ഇതു സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യണം . താറുമാറായ ഇ.എസ്.ഐ. കളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ബാലവേല അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം . ഏതുകക്ഷി ഭരിച്ചാലും രാഷ്ട്രീയത്തിന്റപേരിൽ തൊഴിലാളികളെ പിരിച്ചുവിടുന്ന സമീപനം സ്വീകരിക്കാൻ പാടില്ല. ഭരണപ്രതിപക്ഷകക്ഷികൾ ഒരുമിച്ച് നിന്നുകൊണ്ട് ഒരു കൺസീലിയേഷൻ പാതയിലൂടെ തൊഴിലാളികൾ അനുവർത്തിക്കേണ്ട പങ്കിനെപ്പറ്റി ആലോചിക്കണം . മന്ത്രിമാരുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനും പബ്ളിസിറ്റിക്കുംവേണ്ടി പി.ആർ.ഡിയെ ഉപയോഗിക്കരുത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികൾ വ്യവസായികൾ, കർഷകർ തുടങ്ങി വിവിധ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ വളർച്ചയാണ് നാടിന്റെ വികസനം. തൊഴിലാളികളുടെ സർവ്വതോൻമുഖമായ വളർച്ച

അനിവാര്യമാക്കുകയും അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും വേണം. അനാവശ്യമായി ഊതിവീർപ്പിച്ച ജനാധിപത്യ വ്യവസ്ഥിതിക്കും പൗരാവകാശത്തിനും കളങ്കം ചാർത്തുന്ന തരത്തിൽ തൊഴിലാളി സമരങ്ങളെ കൊണ്ടെത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രവർത്തന ശൈലി നാടിന് ആപത്തായി മാറിയിരിക്കുന്നു. അട്ടിമറിക്കൂലിയും മെല്ലെപ്പോക്ക് സമരവും നോക്കുകൂലിയും വ്യവസായികൾക്ക് കേരളത്തിൽ മുതൽമുടക്കാനും വ്യവസായങ്ങൾ തുടങ്ങാനും തടസ്സമായി. മാനേജ്മെന്റിന്റെ പിടിപ്പുകേടുകൊണ്ട് ചെറുകിട-വൻകിട വ്യവസായങ്ങൾ പൂട്ടപ്പെടുന്നു. യന്ത്രവൽക്കരണത്തിനെതിരായ സമരങ്ങളും വെട്ടിനിരത്തൽ നടപടികളും കാർഷികമേഖലയെ തകർത്തിരിക്കുന്നു. വർദ്ധിച്ച കൂലി കാരണം വീട് നിർമ്മാണ സാമഗ്രികളും വീട്ടുസാധനങ്ങളും എത്തിക്കുന്ന കാര്യത്തിൽ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടിയുണ്ടാകണം. പുതിയ തൊഴിൽ നയത്തിന്റെ ഫലമായി വ്യാവസായിക മേഖലയിൽ

ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. അതു കൂടുതൽ കാര്യക്ഷമമാക്കണം. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു . ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിനുള്ള മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനുവേണ്ടി ഭരണഘടനയിലും ജനപ്രാതിനിധ്യ നിയമത്തിലും ഭേദഗതി വരുത്തണം. പ്രവാസി മലയാളികൾക്ക് ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പകൾ ലഭ്യമാക്കി കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പുതുതായി വിസ അടിപ്പിച്ച് പാസ്പോർട്ട് വാങ്ങുന്ന ഉടമകൾക്ക് സ്വന്തം ആൾ ജാമ്യത്തിൽ ഒരു ലക്ഷം രൂപ ലോണായി കൊടുക്കാൻ സർക്കാർ മുൻപോട്ടുവരണം. ഗൾഫിലെ തൊഴിൽ സാദ്ധ്യതകൾ സംബന്ധിച്ച് ഇവിടത്തെ സർക്കാർ സ്ഥാപനങ്ങളുമായും മറ്റ് പ്രധാനപ്പെട്ട കംപനികളുമായും ബന്ധപ്പെട്ട് റിക്രൂട്ടിംഗ് നേരിട്ട് ഗവൺമെന്റുവഴി നടത്താൻ ഈ വകുപ്പിന് കഴിയണം. സ്വാശ്രയ കോളേജുകളിൽ എൻ. ആർ. ഐ സീറ്റ് ഇനത്തിൽ പ്രവാസികളുടെ കൈയിൽനിന്നും ഈടാക്കിവരുന്ന വൻ ക്യാപ്പിറ്റേഷൻ ഫീ ഒഴിവാക്കണം. ഗൾഫിൽനിന്ന് തിരിച്ചുവരുന്ന മലയാളികൾക്ക് ആവശ്യമായ ചികിൽസാസഹായവും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സൗകര്യവും ചെയ്തുകൊടുക്കേണ്ടതാവശ്യമാണ്. വിദേശരാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഡെഡ് ബോഡി കൊണ്ടുവരുന്നതിൽ എംബസികളിലെ പ്രൊസീഡ്യുവറിൽവരുന്ന കാലതാമസം ഒഴിവാക്കുന്ന കാര്യത്തിൽ സർക്കാർ മുൻകൈയെടുക്കണം. എംബസികളിൽ കൂടുതൽ മലയാളി ഉദ്യോഗസ്ഥൻമാരെ നിയമിക്കാനും എംബസിയില്ലാത്ത പ്രധാനപ്പെട്ട നഗരങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും എംബസി സർവ്വീസ് ലഭ്യമാക്കാനും കേന്ദ്ര സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തണം. ഈ വകുപ്പിന് ആകെ നീക്കിവച്ചിരിക്കുന്നത് 95 ലക്ഷം രൂപയും മതിപ്പ് ചെലവ് 4 കോടി

രൂപയുമാണ്. അത് തികച്ചും അപര്യാപ്തമാണ്; ചുരുങ്ങിയത് 10 കോടി രൂപയെങ്കിലുമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വകുപ്പിന്റെ മൈനർ ഹെഡ്സ് എന്നുള്ള നിലയിലാണ് പ്രവാസി വകുപ്പ് എഴുതി ചേർത്തതെന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. ഈ ഹെഡ്ഡിൽ ബഡ്ജറ്റിൽ വെറും 95 ലക്ഷം രൂപാമാത്രം അപര്യാപ്തമാണ്. കർഷകർ കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് മറുനാടൻ മലയാളികളെയാണ്. മറുനാടൻ മലയാളികളെ സംരക്ഷിക്കുകയും നിലനിർത്തുകയും അവർക്കാവശ്യമായ സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്യേണ്ട നോർക്ക വകുപ്പിനെ അടുത്ത ബഡ്ജറ്റിലെങ്കിലും മേജർ ഹെഡ്ഡുള്ള വകുപ്പാക്കി മാറ്റാനും ബഡ്ജറ്റ് അലോട്ടുമെന്റ് പരമാവധി ഉൾക്കൊള്ളിക്കാനും ഈ

വർഷം തന്നെ കൂടുതൽ പണം ഉൾക്കൊള്ളിക്കാനുമാവശ്യമായ നിർദ്ദേശം ഗവൺമെന്റ് ധനകാര്യ വകുപ്പിന് നൽകണം. 36 കോടി രൂപയുടെ പ്രൊപ്പോസലാണ് നോർക്ക വകുപ്പ് പ്ളാനിംഗ് കമ്മിഷന് നൽകിയതെങ്കിലും കേവലം 95 ലക്ഷം രൂപ മാത്രം നീക്കിവച്ചത് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺ മെന്റാണ് ഈ വകുപ്പിൽ പുതിയ പരിപാടികൾ ആവിഷ്ക്കരിച്ച് മുൻപോട്ടുവന്നിട്ടുള്ളത്. ലേബർ ക്യാമ്പുകളിൽ താമസിക്കുന്ന ഗൾഫ് മലയാളികളുടെ കയ്യിൽനിന്നും എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും വാങ്ങുന്ന വൻ യാത്രക്കൂലി അവസാനിപ്പിക്കാൻ അടിയന്തിര നടപടിയുണ്ടാകുകയും എയർ ഇൻഡ്യയേയും എയർലൈൻസിനേയും ബഹിഷ് ക്കരിക്കാൻ തയ്യാറാകുകയും വേണം. എയർ ഇൻഡ്യയുടെ ചൂഷണ ത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാൻ കപ്പൽ സർവ്വീസ് ആരംഭിക്കാൻ അടിയന്തിര തീരുമാനമുണ്ടാകുകയും കേന്ദ്രത്തിലെ എം.പി.മാരെകണ്ട് ഇക്കാര്യം ഗൗരവമായി സംസാരിക്കുകയും വേണം. പ്രവാസി മലയാളികൾക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സംപ്രദായംകൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു കൊല്ലം തികയുന്നതിനുമുമ്പുതന്നെ തൊഴിൽ നയം പ്രഖ്യാപിച്ച് തൊഴിലാളി പ്രതിബദ്ധത തെളിയിച്ചിരിക്കുന്നു. തൊഴിൽ മേഖലയോട് വ്യവസായികൾക്ക് ഉണ്ടായിരുന്ന സംശയങ്ങൾ ഇല്ലാതാക്കുവാൻ വേണ്ടിയുള്ള ഫലപ്രദമായ പരിപാടികൾക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. സംസ്ഥാനത്ത് വ്യവസായങ്ങൾ തകരുകയും തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. തൊഴിൽ മേഖലയെ അഭിവൃദ്ധിപ്പെടുത്താനുള്ള തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളും തികച്ചും സ്വാഗതാർഹമാണ്. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. ദുർബല വിഭാഗക്കാരും പട്ടിണിപ്പാവങ്ങളുമായ കശുവണ്ടിത്തൊഴിലാളികളുടെ

ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ടുള്ള 3–5–2002–ലെ ഗവൺമെന്റ് ഉത്തരവ് പിൻവലിക്കണം. മാനേജ്മെന്റിന്റെ ധൂർത്തും കെടുകാര്യസ്ഥതയുംമൂലം കാപ്പക്സിന്റെ ഫാക്ടറികൾ മാസങ്ങളായി പൂട്ടിക്കിടക്കുന്നു. ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്തണം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പക്സിൽ ബോണസ് കൊടുക്കാൻ 5 ലക്ഷം രൂപയും പ്രവർത്തന ധനമായി 3 ലക്ഷം രൂപയും കൊടുത്തു. കെ. എസ്. സി. ഡി. സി. ക്ക് ബോണസിനായി 4.8 കോടി രൂപയും പ്രവർത്തന ധനമായി 12.5 കോടി രൂപയും കൊടുത്തു. ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇ. എസ്. ഐ. ആശുപത്രികൾ നവീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നവീകരിക്കുകയും ചെയ്യണം.

<u>ശ്രീ. ഷിബു ബേബിജോൺ:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ തൊഴിൽ സംസ്ക്കാരം ആവശ്യമാണ്. ഇവിടെ പുതിയ വ്യവസായങ്ങൾ വരണം. തൊഴിലില്ലായ്മ പരിഹരിക്കാൻ 50,000 കോടി രൂപയുടെ മുതൽ മുടക്ക് ആവശ്യമുണ്ട്. വ്യവസായികളെ ആകർഷിക്കാനായി വ്യവസായ വകുപ്പുമന്ത്രി അമേരിക്കയിലേയ്ക്ക് പോകുന്നുണ്ട്. പിരിഞ്ഞുപോയ കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞ അഞ്ചുവർഷമായി ഗ്രാറ്റ്വിറ്റി കൊടുത്തിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് തെരഞ്ഞെടുപ്പു മുന്നിൽ കണ്ടുകൊണ്ട് അവസാന വർഷം മാത്രം 200 ദിവസത്തെ തൊഴിൽ കൊടുത്തു. 45 കോടി രൂപയുടെ നഷ്ടവുമുണ്ടാക്കി. ട്രേഡ് യൂണിയൻ നേതാക്കന്മാർ തന്നെയാണ് തൊഴിലാളികളെ വഴി തെറ്റിക്കുന്നത്. ഒരു വികസനവും സംസ്ഥാനത്ത് വരരുത് എന്നുള്ള വഞ്ചനാപരമായ ഇരട്ടത്താപ്പുനയമാണ് എൽ. ഡി. എഫ്. പിന്തുടരുന്നത്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ചൂഷണത്തിനു വിധേയരായിക്കൊണ്ടിരുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ഒരു വകുപ്പ് രൂപീകരിച്ച് ഒരു പ്രത്യേക മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. എയർ ഇൻഡ്യ യുടേയും ഇൻഡ്യൻ എയർലൈൻസിന്റേയും നിലപാടിൽ മാറ്റം വരുത്തിക്കണം. ഗൾഫിൽ വച്ചു മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും വിവിധ തട്ടിപ്പുകൾക്കിരയായി ഗൾഫിലകപ്പെട്ട മലയാളികളെ രക്ഷിക്കുന്നതിനുമുള്ള പ്രവാസിവകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനു സത്വരനടപടി സ്വീകരിക്കണം. കാലത്തിന്റെ പുരോഗതിക്കനുസരിച്ചുള്ള അഭിമാനകരമായ വളർച്ചയാണ് വാർത്താവിതരണ രംഗത്തുണ്ടായിട്ടുള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 41 പത്രപ്രവർത്തകർക്ക് അക്രഡിറ്റേഷൻ നൽകി. അർഹതയുള്ള എല്ലാപേർക്കും അക്രഡിറ്റേഷൻ നൽകണം . വാർത്താമാധ്യമങ്ങളേയും ഗവൺമെന്റിനേയും തമ്മിലകറ്റാനുള്ള ആസൂത്രിതമായ ഒരു ഗൂഢാലോചനയാണ് നടക്കുന്നത്. ഒരു ഇ. എസ്. ഐ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പാലക്കാട് ആരംഭിക്കണം. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം തൊഴിൽ

നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും തൊഴിലാളി ക്ഷേമനിധി ബോർഡിൽ കയറിപ്പറ്റിയിട്ടുള്ള അനർഹരായിട്ടുള്ളവരെ ഒഴിവാക്കുകയും ചെയ്യണം.

ശ്രീ. എ. എ. അസീസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിൽവകുപ്പ് ഇന്നു അനാഥാവസ്ഥയിലാണ്. തൊഴിൽ വകുപ്പ് പുറപ്പെടുവിക്കേണ്ട പല ഉത്തരവുകളും മറ്റ് വകുപ്പുകളാണ് പുറപ്പെടുവിക്കുന്നത്. സംസ്ഥാനത്തെ 14 തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം അനിശ്ചിതത്വത്തിലാണ്. തൊഴിലാളികൾക്ക് പെൻഷൻ, ശവസംസ്കാരത്തിനുള്ള അടിയന്തിരസഹായം തുടങ്ങിയവയൊന്നും ലഭിക്കുന്നില്ല. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടേയും മിനിമം വേജസ് എൻഫോഴ്സ്മെന്റിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികളൊന്നും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ലേബർ അജണ്ടയിലെ നിർദ്ദേശങ്ങൾ ഗവൺമെന്റ് പാലിച്ചിട്ടില്ല. കൊല്ലത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് തറക്കല്ലിട്ടതല്ലാതെ യാതൊരു പ്രവർത്തന പുരോഗതിയും ഉണ്ടായിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രവേശനം ലഭിക്കണമെങ്കിൽ 5 സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം.

ശ്രീ. ടി. പി. എം. സാഹിർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിലവിലുള്ള തൊഴിൽ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. കേരളത്തിലേക്ക് വരുന്ന നിക്ഷേപകർപോലും ഇവിടത്തെ തൊഴിൽ അന്തരീക്ഷം സമാധാനപരമല്ലാത്തതിനാൽ അയൽ സംസ്ഥാനങ്ങളിൽ പോയി മുതൽമുടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് കേരളത്തെ ഒരു ഇൻഫ്രാസ്ട്രക്ച്ചർ സ്റ്റേറ്റാക്കിമാറ്റാനുള്ള നടപടികൾ സ്വീകരിക്കണം. ഗവൺമെന്റിന്റെ ന്യൂസ് റീൽ വിദേശ ചാനലുകളിൽക്കൂടി സംപ്രേഷണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. നോർക്കയുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. വിദേശത്ത് നിന്നു മടങ്ങിവന്നവർക്ക്, അവർ വിദേശത്തായിരുന്നപ്പോൾ അയച്ച പണത്തിന്റെ തോതിനനുസരിച്ച് ഒരു നിശ്ചിത ശതമാനം ലോൺ ബാങ്കുകളിൽ നിന്നു നൽകുന്നതിനു വ്യവസ്ഥയുണ്ടാക്കണം. വിമാനയാത്രാക്കൂലിയിൽ ഇളവ് അനുവദിക്കുകയോ കപ്പൽ സർവീസ് ഏർപ്പെടുത്തുകയോ ചെയ്യണം.

ശ്രീ. ടി.വി. ചന്ദ്രമോഹൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദേശ മലയാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള നോർക്കയുടെ പ്രവർത്തനം സജീവമാക്കിയത് സ്വാഗതാർഹമാണ്. സത്യസന്ധമായ റിപ്പോർട്ടിംഗുകൾ മാത്രമേ ജനങ്ങൾ വിലമതിക്കുകയുള്ളൂവെന്ന് പത്രാധിപൻമാർ മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തൊഴിൽ നയങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന തൊഴിൽ മന്ത്രിയായി പ്രവർത്തിക്കുകയെന്നത് ക്ളേശകരമാണ്. എന്നാൽ തൊഴിൽ സ്ഥാപനങ്ങൾ തൊഴിലാളികളുടേതു കൂടിയാണെന്ന ബോധം തൊഴിലാളികളിൽ ഉണ്ടാക്കിയെടുത്ത് അവരുടെ വിശ്വാസം ആർജ്ജിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഗവൺമെന്റ്

കൊണ്ടുവന്ന പുതിയ തൊഴിൽ നയം കേരളത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹായകമാകും. ഇ.എസ്.ഐ. ആശുപത്രികൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. തൊഴിലാളികളുടെ ഇന്നത്തെ സമീപനം കേരളത്തിന്റെ പുരോഗതിക്ക് തടസ്സമാണെന്ന വാദം അംഗീകരിക്കാൻ കഴിയുകയില്ല. നിലവിലുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള യാതൊരു പരിഷ്ക്കാരവും തൊഴിലാളികളും അവരുടെ സംഘടനകളും അനുവദിക്കുകയില്ല. കേരളത്തിലെ നിരവധി ജനനേതാക്കളുടെ അശ്രാന്തപരിശ്രമംകൊണ്ട് പ്രബുദ്ധരായവരാണ് കേരളത്തിലെ തൊഴിലാളികൾ. അവരോട് അഭിപ്രായ സമന്വയത്തിന്റെ പാതയാണ് സ്വീകരിക്കേണ്ടത്. വൻകിടക്കാർക്കുവേണ്ടി പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ ഭാവിയിൽ വരുന്ന ഗവൺമെന്റുകൾ അവ അംഗീകരിക്കുമോയെന്നുകൂടി അവർ പരിശോധിക്കുമെന്നതുകൊണ്ട് സർവ്വസമ്മതമായി അംഗീകരിക്കുന്ന നിയമങ്ങൾ മാത്രമേ തൊഴിലാളി മേഖലയിൽ കൊണ്ടുവരാവൂ. കാലഹരണപ്പെട്ട പല നിയമങ്ങളും പൊളിച്ചെഴുതേണ്ടതുണ്ട്. തൃശ്ശൂരിലെ സീതാറാം മില്ലും നാട്ടികയിലെ ഫാക്ടറിയുമെല്ലാം തൊഴിലാളികളുടേതല്ലാത്ത കുറ്റങ്ങൾ കൊണ്ടാണ് അടച്ചുപൂട്ടിയത്. ഈ സാഹചര്യത്തിൽ മാനേജുമെന്റുകളെ നിയന്ത്രിക്കാനുള്ള നിയമനിർമ്മാണങ്ങൾ അനിവാര്യമാണ്. പാവപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവരുടെ കുടുംബത്തിന് പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. മുൻ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച ലേബർ ബാങ്കിന്റേയും ലേബർ അതോറിറ്റിയുടേയും പ്രവർത്തനം കാര്യക്ഷമമാക്കണം. എല്ലാ ട്രേഡ് യൂണിയൻ നിയമങ്ങളും കാലോചിതമായി പരിഷ്കരിക്കണം. തൊഴിൽ പ്രശ്നങ്ങൾ അഭിപ്രായ സമന്വയത്തിലൂടെ പരിഹരിക്കണം.

<u>ഡോ.എ. നീലലോഹിതദാസൻ നാടാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ ഭരണം വിലയിരുത്തുമ്പോൾ തൊഴിലാളികളുടെ താല്പര്യങ്ങൾ ഹനിക്കുന്ന, അവരുടെ ജീവിതം തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. 42 ലക്ഷം തൊഴിലാളികളാണ് വിവിധ മേഖലകളിലായി പണിയെടുക്കുന്നത്. ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള യാതൊരുവിധ ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പ്രവാസി വകുപ്പിന്റെ പ്രവർത്തനം ഇപ്പോൾ നിഷ്ക്രിയമായിരിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. തൊഴിലാളികളെ ശത്രുക്കളായി കാണുന്ന ഒരു തൊഴിൽ നയമാണ് ഈ ഗവൺമെന്റിനുള്ളത്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴെല്ലാം തൊഴിലാളിക്ഷേമത്തിനുവേണ്ടി പല നിയമങ്ങൾ കൊണ്ടുവരികയും വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യയിൽ ആദ്യമായി കേരളത്തിലെ

കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റ് വഹിച്ച പങ്ക് നിർണ്ണായകമാണ്. ഈ ക്ഷേമപദ്ധതികളെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. തൊഴിലുടമയ്ക്ക് അമിത സ്വാതന്ത്ര്യം കൊടുത്തുകൊണ്ടുള്ള ഈ
ഗവൺമെന്റിന്റെ കരട് തൊഴിൽ നയം സംസ്ഥാനത്തിന് ആപത്താണ്. തൊഴിലാളികൾ സംസ്ഥാനത്തിന്റെ നട്ടെല്ലാണെന്നുള്ള വസ്തുത സർക്കാർ വിസ്മരിക്കരുത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ദുരന്തഫലം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളതും തൊഴിലാളി വർഗ്ഗത്തെയാണ്. ചെത്തുതൊഴിലാളികളുടേയും മദ്യവ്യവസായ തൊഴിലാളികളുടേയും സമരത്തെ അടിച്ചമർത്തുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടി തൊഴിലാളിവിരുദ്ധ നടപടികൾക്ക് ഏറ്റവും വലിയ ഉദാഹരണമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളിൽ ഒന്നായ അറിയാനും അറിയിക്കാനുമുള്ള സ്വാതന്ത്ര്യം കേരളത്തിൽ നിഷേധിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം പത്രസമ്മേളനങ്ങൾ നടത്തുന്ന കാര്യത്തിൽ വകുപ്പുമന്ത്രി വളരെ മുൻപന്തിയിലായിരുന്നു. ഹവാല കുംഭകോണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള വാർത്തയുടെ സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. സെർച്ച് വാറണ്ട് മുൻകൂട്ടി വാങ്ങിയശേഷമാണോ സൂര്യ ടി.വി.യുടെ ഓഫീസ് റെയിഡ് ചെയ്യുന്നതിന് പോലീസ് പോയത് എന്നുള്ള വിവരം സഭയിൽ വെളിപ്പെടുത്തണം. ഇക്കാര്യത്തിൽ കുറ്റവാളികളെ സംരക്ഷിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ):</u> ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് പ്രവാസി മലയാളികളുടെ കാര്യത്തെക്കുറിച്ച് പ്രത്യേകം ചർച്ച ചെയ്യുന്നതിനുള്ള അവസരം സഭയിൽ ലഭിച്ചത് നല്ല കാര്യമാണ്. പ്രവാസി വകുപ്പിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. കേരളത്തിനും ഇൻഡ്യയ്ക്കും പുറത്തുപോയി പണിയെടുത്തു ജീവിക്കുന്ന ഒരു കോടിയോളം മറുനാടൻ മലയാളികളുണ്ടെന്നാണ് ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റിന് പ്രത്യേക താൽപ്പര്യമുണ്ട്. അതുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'NORKA' എന്ന സ്ഥാപനം പിരിച്ചു വിട്ടിട്ട് 'ROOTS' എന്ന കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ ഗവൺമെന്റിന്റെ ഷെയറിനു പുറമേ വിദേശ മലയാളികളുടെ ഷെയറും കൂടി ഉൾപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തു ന്നതാണ്. പ്രവാസി മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിന്റെ ഭാഗമായി അവരുടെ പേര് NRK എന്ന് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തി റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്ത് പ്രവാസികൾക്ക് വോട്ടവകാശം നൽകണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശത്തുനിന്ന് തിരിച്ചു വരുന്നവർക്ക് ദേശസാൽകൃത ബാങ്കുകളിൽ നിന്ന് ഒരു ലക്ഷം

രൂപവരെ വായ്പ കൊടുക്കുന്ന കാര്യം ബാങ്കുകളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. യാത്രക്കൂലി കുറയ്ക്കുന്ന കാര്യവും ഓണക്കാലത്ത് കൂടുതൽ ഫ്ളൈറ്റുകൾ ഏർപ്പെടുത്തുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് എയർ ഇൻഡ്യാ ചെയർമാൻ സമ്മതിച്ചിട്ടുണ്ട്. എയർ ഇൻഡ്യയുമായും ഇൻഡ്യൻ എയർലൈൻസുമായും കൂടുതൽ ചർച്ചകൾ നടത്തുന്നതാണ്. നിർത്തിവച്ചിരിക്കുന്ന കപ്പൽ സർവ്വീസ് പുനരാരംഭിക്കുന്നതിനെപ്പറ്റി ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ചർച്ചകൾ നടത്തുന്നതാണ്. ഗൾഫ് ജയിലുകളിൽ കഴിയുന്ന മലയാളികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെപ്പറ്റി ആലോചിക്കും. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ആഭ്യന്തരവകുപ്പ് സെക്രട്ടറി, ഡി. ജി. പി., ലേബർ കമ്മീഷണർ, പ്രൊട്ടക്ടർ ഓഫ് എമിഗ്രേഷൻ എന്നിവരെ ഉൾപ്പെടുത്തി വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കാനും ചൂഷണത്തിനെതിരായ ബോധവൽക്കരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. എൽ. ഐ. സി. യുമായി ചേർന്ന് കോൺട്രിബ്യൂട്ടറി പെൻഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരു മാസത്തിനകം ഇത് നടപ്പിലാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. മാധ്യമ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കില്ല. ഇൻഫർമേഷൻ ആക്ടിനു രൂപം കൊടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ നയങ്ങളും പരിപാടികളും ജനങ്ങളെ അറിയിക്കുന്ന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ പല മാറ്റങ്ങളും വരുത്താനുദ്ദേശിക്കുന്നു. മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് റിഫ്രഷർ കോഴ്സുകളും ട്രെയിനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): പ്രതിപക്ഷത്തുനിന്നും ഭരണ പക്ഷത്തുനിന്നും ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ചൂണ്ടിക്കാണിച്ച വിലപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ തൊഴിൽ വകുപ്പു മുന്നോട്ടു പോകും. സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ബുദ്ധിപൂർവ്വം പ്രവർത്തിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. അന്തർദേശീയ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നയങ്ങളെ മുദ്രാവാക്യങ്ങൾ കൊണ്ട് നേരിടാൻ കഴിയില്ല. തൊഴിലാളികൾ അവകാശ സമരങ്ങളിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. സംസ്ഥാനം നേരിടുന്ന രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. അന്തർദേശീയ രംഗത്തുണ്ടായ മാറ്റത്തിന്റെ ഫലമായി ഉള്ള തൊഴിൽ പോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും നിലനിറുത്തിക്കൊണ്ടു മാത്രമേ ഇവിടെ മുതൽമുടക്കാൻ അനുവദി ക്കുകയുള്ളൂ. പ്രശ്നങ്ങൾ ലഘൂകരിക്കാനും നെഗറ്റീവ് പബ്ലിസിറ്റിക്ക് പകരം പോസിറ്റീവ് പബ്ലിസിറ്റി കൊടുക്കാനും തയ്യാറാകണം. നിക്ഷേപ സൗഹാർദ്ദമായ സംസ്ഥാനമാണ് കേരളം എന്ന് വരുത്താനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. വിവിധ മേഖലകളിലുള്ളവരുമായി ചർച്ചകൾ നടത്തി ഒരു വ്യവസായ നയം ഇവിടെ അവതരിപ്പിച്ചു. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിനനുയോജ്യമായ ചില ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. തൊഴിലാളികളുടെ ന്യായമായ

ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റാണിത്. ആദ്യമായി തോട്ടം മേഖലയിൽ ആയിരം രൂപ ബോണസ് നൽകിയത് ഉൾപ്പെടെ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന എല്ലാ മേഖലയിലേയും പ്രശ്നങ്ങൾ അപ്പോഴപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഡി. എ. സമയബന്ധിതമായി പുതുക്കി നിശ്ചയിച്ച് പത്തു ലക്ഷം തൊഴിലാളികൾക്ക് അതിന്റെ ആനുകൂല്യം ലഭ്യമാക്കി. അവാർഡുകൾ പാസ്സാക്കുന്ന കോടതിതന്നെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാറിവരുന്ന പരിത:സ്ഥിതിക്ക് അനുസരിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓക്കുപ്പേഷണൽ സേഫ്ടി ആന്റ് ഹെൽത്ത് എന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കും. വ്യവസായങ്ങൾ തുടങ്ങുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കും. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യും. ഇ.എസ്.ഐ വകുപ്പിന് മരുന്നു വാങ്ങാൻ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന പണം റിവോൾവിംഗ് ഫണ്ടിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള മരുന്നും ഉപകരണങ്ങളും ഈ വകുപ്പിന് കൃത്യമായി വാങ്ങാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കും. എല്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവത്കരിക്കുകയും പ്രൊഫഷണൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വെബ്സൈറ്റ് സംവിധാനങ്ങൾ ധൃതഗതിയിൽ ഏർപ്പെടുത്തുകയും ചെയ്യും. 201 കോടി രൂപയുടെ തൊഴിൽദാന പദ്ധതി നവംബർ മുതൽ കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ 1000 കോടി രൂപയുടെ തൊഴിൽദാന പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കും. വനിതാ തൊഴിൽദാന പദ്ധതിക്കായി സർക്കാർ 100 കോടി രൂപ വകയിരുത്തണം. ഐ.ടി.ഐ., ഐ.ടി.സി. കെട്ടിടങ്ങളുടെ പണികൾക്കായി ആറു കോടി രൂപ നീക്കിവയ്ക്കുകയും കാലത്തിന്റെ മാറ്റത്തിന് അനുസരിച്ചുള്ള കോഴ്സുകൾ അടങ്ങുന്ന തരത്തിൽ സിലബസ് നവീകരിക്കുകയും ചെയ്യും. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആറു മാസത്തിനകം തൊഴിൽ നയം പ്രഖ്യാപിച്ചു. സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ബന്ധപ്പെട്ട എല്ലാപേരുമായി ചർച്ച ചെയ്തിട്ടുണ്ട്. ലേബർ വകുപ്പിൽ ഇൻസ്പെക്ഷൻ നടപടികൾ ലഘൂകരിക്കാനും ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് ഉൾക്കൊള്ളുന്ന സിംഗിൾ രജിസ്റ്റർ സൂക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. ലേബർ നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റാൻഡം ചെക്കിംഗ് സമ്പ്രദായം ഏർപ്പെടുത്തി സെൽഫ് സർട്ടിഫിക്കേഷന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് സംവിധാനത്തോടുകൂടിയ മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തും. ട്രേഡ് യൂണിയനുകളുടെ ബാഹുല്യം കണക്കിലെടുത്ത് അടുത്ത നിയമസഭാ സമ്മേളനത്തിൽ റഫറണ്ടം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ സ്റ്റാറ്റ്യൂട്ടറി പവേഴ്സ് നൽകുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കും. എല്ലാ ജില്ലകളിലും ലേബർ അദാലത്തുകൾ സംഘടിപ്പിച്ച്

കെട്ടിക്കിടക്കുന്ന കേസ്സുകൾക്ക് തീർപ്പു കല്പിക്കും. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് 2002 ജനുവരി വരെയുള്ള എല്ലാ പെൻഷനുകളും കൊടുത്തു. ഓണത്തിനു മുമ്പ് കുടിശ്ശിക മുഴുവൻ കൊടുക്കാനുള്ള നടപടിയെടുക്കും. കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾക്കുവേണ്ടി 25 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ബാർബർ അലക്കു തൊഴിലാളികളുടെ ക്ഷേമനിധി ആറു മാസത്തിനകം നിലവിൽ വരും. ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെൻറ് വർക്കേഴ്സിനു ക്ഷേമനിധി ഈ സാമ്പത്തിക വർഷം ആരംഭിക്കും. ക്ഷേമനിധി ബോർഡുകൾ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശ നിരക്ക് കുറഞ്ഞുവരുന്നത് അതിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളും. ക്ഷേമനിധിയിലെ വ്യാജ അംഗത്വം പരിശോധിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതു സംബന്ധിച്ചും അവർക്ക് ഡി.എ., ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതു സംബന്ധിച്ചും ഓരോ വർഷവും നൽകിയിട്ടുള്ള ജോലി സംബന്ധിച്ചും കശുവണ്ടി കോർപ്പറേഷനും കാപ്പെക്സുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കും. കാപ്പക്സിന് ലോൺ ലഭ്യമാകുന്നതിന് അവരുടെ വർക്കിംഗ് ലോസായ 44 കോടി രൂപ കണ്ടെത്താനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് പണി കൊടുക്കണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. കഴിഞ്ഞ ഒന്നര വർഷമായി അടഞ്ഞുകിടന്നിരുന്ന കാപ്പക്സ് തുറന്ന് പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് സ്ഥിരമായി ജോലി കൊടുക്കുന്നതിനും മാനേജുമെന്റ് ചില ക്രമീകരണങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി പകുതി ഡി. എ. അപ്പപ്പോൾ കൊടുക്കാനും പകുതി ഡി. എ. സീസണിന്റെ അവസാനം കൊടുക്കാനും തീരുമാനിച്ചു. സ്വകാര്യ മുതലാളിമാർ ഏഴു ദിവസത്തേയും കശുവണ്ടി കോർപ്പറേഷനും കാപ്പക്സും 15 ദിവസത്തേയും ഗ്രാറ്റുവിറ്റി കാലാകാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്നത് തുടർന്നും നൽകണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. കശുവണ്ടിത്തൊഴിലാളികൾ ക്കാവശ്യമായ തോട്ടണ്ടി സംഭരിച്ച് ഈ വർഷം തന്നെ അവർക്ക് ജോലി കൊടുക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കാഷ്യൂതൊഴിലാളികളോട് ഗവൺമെന്റ് നീതി പുലർത്തും. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ആറുമാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയും ആറു മാസത്തെ തൊഴിലില്ലായ്മാ വേതന കുടിശ്ശികയും കൊടുത്തു. ഓണത്തിന് മുൻപ് അടുത്ത ഒരു ഗഡുകൂടി കൊടുക്കും. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്നിട്ടുള്ള പല അഭിപ്രായ ങ്ങളും ഗൗരവപൂർവ്വം ഗവൺമെന്റ് കണക്കിലെടുക്കുന്നതാണ്. സംസ്ഥാനത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എല്ലാവരുടേയും സഹകരണവും പങ്കാളിത്തവുമുണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാ ം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIVാം നമ്പർ ധനാഭ്യർത്ഥനയും 28-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.

... ... ...